ചരിത്രം

**അറബ് ചരിത്രത്തിലെ ഉണങ്ങാത്ത മുറിവിന്റെ 50ാം വാർഷികമായിരുന്നു കഴിഞ്ഞ ജൂൺ അഞ്ച്**

# ഭൂപടം മാറ്റിവരച്ച ആറ് ദിനങ്ങൾ

ഡോ. എൻ. ഷംനാദ്

എല്ലാ വർഷവും ജൂണിൽ ഇസ്രായേൽ ദേശീയവാദികൾ ജറൂസലമിൽ വൻ പ്രകടനങ്ങൾ നടത്താറുണ്ട്. ‘യോം യെരുശലേം’ എന്ന ഈ ദേശീയ അവധി ദിവസം നഗരത്തിലെങ്ങും കർഫ്യൂ പ്രഖ്യാപിച്ച് സ്ഥലത്തെ ഫലസ്തീൻ അറബികളെയെല്ലാം ഇസ്രായേൽ സൈന്യം തുരത്തിയോടിക്കും. എന്നാൽ, ഈ വർഷത്തെ ജറൂസലം ദിവസം സയണിസ്റ്റ് ആഘോഷങ്ങൾ അതിന്റെ പാരമ്യത്തിലെത്തിയിരുന്നു. ഇസ്രായേൽ സൈന്യം ജറൂസലം കീഴടക്കിയ 1967ലെ ആറുദിന യുദ്ധത്തിന്റെ 50ാം വാർഷികമായിരുന്നു ഈ വർഷം.

1967 ജൂൺ അഞ്ചിനായിരുന്നു അറബികളുടെ ചരിത്രത്തിലെ ഏറ്റവും ദയനീയ സംഭവമായ ‘ആറുദിന യുദ്ധം’ അഥവാ മൂന്നാം അറബ്-ഇസ്രായേൽ യുദ്ധം ആരംഭിച്ചത്. ഈജിപ്ത്, സിറിയ, ജോർഡൻ, ഇറാഖ്, ലബനാൻ തുടങ്ങിയ അറബ് രാഷ്ട്രങ്ങൾക്ക് ആറ് ദിവസങ്ങൾക്കുള്ളിൽ ഇസ്രായേൽ മാരകമായ പ്രഹരങ്ങളേൽപിച്ച ഈ യുദ്ധത്തെ ‘നക്സ’ അഥവാ തിരിച്ചടിയെന്നാണ് അറബ് മാധ്യമങ്ങൾ വിശേഷിപ്പിച്ചത്. 1948ൽ ഇസ്രായേൽ രൂപവത്കൃതമായതോടെ ഫലസ്തീനിലെ തദ്ദേശീയരായ ലക്ഷക്കണക്കിന് അറബ് വംശജരാണ് അയൽരാജ്യങ്ങളിലേക്ക് പലായനം ചെയ്തത്. ആയിരങ്ങളെ ഇസ്രായേൽ സൈന്യം പല ഗ്രാമങ്ങളിലും കൂട്ടക്കൊല ചെയ്തിരുന്നു. നഷ്ടപ്പെട്ട ഫലസ്തീൻ മണ്ണ് തിരിച്ചുപിടിക്കാനുള്ള ശ്രമമായിരുന്നു പിന്നീട് നടന്ന ഓരോ അറബ്-ഇസ്രായേൽ യുദ്ധവും.

ഈജിപ്ഷ്യൻ പ്രസിഡൻറ് ജമാൽ അബ്ദുന്നാസിറും അദ്ദേഹത്തിന്റെ അറബ് ദേശീയതയും മേഖലയിലെങ്ങും ശ്രദ്ധ പിടിച്ചുപറ്റിയ കാലമായിരുന്നു ‘60കൾ. സോവിയറ്റ് യൂനിയന്റെ സഹായത്തോടെ ഈജിപ്തും സിറിയയും മറ്റും പടുത്തുയർത്തിയ അറബ് സേനകൾക്ക് ഇസ്രായേൽ സൈന്യത്തേക്കാൾ ആൾബലവും ആത്മവിശ്വാസവുമുണ്ടായിരുന്നു. ഇസ്രായേൽ രൂപവത്കൃതമായതിന്റെ 19ാം വാർഷികദിനമായ 1967 മേയ് 14ന് ഇസ്രായേൽ സൈന്യം അന്താരാഷ്ട്ര മേഖലയായി പ്രഖ്യാപിക്കപ്പെട്ടിരുന്ന ജറൂസലമിൽ അഭ്യാസപ്രകടനം നടത്തിയത് തങ്ങൾക്കെതിരെയുള്ള യുദ്ധപ്രഖ്യാപനമായാണ് അറബ് രാജ്യങ്ങൾ കണ്ടത്.

1956ലെ സൂയസ് കനാൽ ദേശസാത്കരണത്തെ തുടർന്നുണ്ടായ ഇസ്രായേൽ-ബ്രിട്ടീഷ്-ഫ്രഞ്ച് ആക്രമണത്തെത്തുടർന്ന് ഈജിപ്ത്-ഇസ്രായേൽ അതിർത്തിയിൽ വിന്യസിച്ചിരുന്ന ഐക്യരാഷ്ട്രസഭയുടെ അടിയന്തര സേനയോട് മേഖലയിൽനിന്ന് പിന്മാറാൻ നാസിർ ഉത്തരവിട്ടതോടെ യുദ്ധത്തിന് അരങ്ങൊരുങ്ങി. സൂയസ് കനാലിലേക്ക് ഇസ്രായേൽ കപ്പലുകൾ പ്രവേശിക്കുന്ന ത്വയ്റാൻ കടലിടുക്ക് അടച്ചതായി പ്രഖ്യാപിക്കപ്പെടുകകൂടി ചെയ്തതോടെ കാര്യങ്ങൾ കൈവിട്ട് പോയിക്കഴിഞ്ഞിരുന്നു. നാസിർ ഈജിപ്തിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. സീനാ മരുഭൂമിയിലൂടെ കരയാക്രമണമായിരിക്കും ഇസ്രായേൽ നടത്തുക എന്നായിരുന്നു നാസിർ കരുതിയത്.

എന്നാൽ, സംഭവിച്ചത് മറ്റൊന്നായിരുന്നു. കിഴക്കുഭാഗത്തിന് പകരം വടക്ക് മെഡിറ്ററേനിയൻ കടലിലൂടെ താഴ്ന്നുപറന്ന 200ഓളം ഇസ്രായേൽ യുദ്ധവിമാനങ്ങൾ ജൂൺ അഞ്ചിന് രാവിലെ ഈജിപ്തിന്റെ വിവിധ വ്യോമതാവളങ്ങളിൽ മിന്നലാക്രമണം നടത്തുകയായിരുന്നു. ഒന്നുണരാൻപോലും കഴിയുന്നതിനുമുമ്പ് ഈജിപ്തിന്റെ 300ലധികം യുദ്ധവിമാനങ്ങൾ കത്തിച്ചാമ്പലായി. എന്നിട്ടും ഈജിപ്ത് റേഡിയോ ‘സൗത്ത് അൽ-അറബ്’ പ്രക്ഷേപണം നടത്തിയത് തങ്ങൾ ഇസ്രായേൽ വ്യോമാക്രമണത്തെ അതിജീവിച്ചുവെന്നായിരുന്നു. ശേഷം ഇസ്രായേലിന് സമ്പൂർണ വ്യോമമേധാവിത്വമായിരുന്നു യുദ്ധത്തിൽ. സീനായിലെ ഈജിപ്ത് സൈനികർക്കെതിരായ ഇസ്രായേലിന്റെ കരയുദ്ധം മൂന്നുദിവസത്തോളം നീണ്ടുനിന്നു. പതിനായിരക്കണക്കിന് പട്ടാളക്കാരെയാണ് ഇസ്രായേൽ സൈന്യം സീനായിലെ മലമടക്കുകളിൽ കശാപ്പ് ചെയ്തത്. രക്ഷപ്പെട്ടോടിയതിൽ ആയിരത്തിലധികമാളുകൾ ദാഹിച്ച് മരിക്കുന്നതും കാണേണ്ടിവന്നു. നാസിറിന്റെ പ്രേരണയിൽ യുദ്ധത്തിനിറങ്ങിയ ജോർഡനും സിറിയക്കും നേരിടേണ്ടിവന്നത് ദയനീയ പരാജയമായിരുന്നു. ജോർഡന്റെ കൈവശമിരുന്ന ഫലസ്തീൻ പ്രദേശമായ വെസ്റ്റ്ബാങ്ക് കീഴടക്കിയ ഇസ്രായേൽ ജൂൺ ഏഴിന് ജറൂസലമും കീഴടക്കി. സിറിയയാകട്ടെ യുദ്ധത്തിൽ പ്രവേശിച്ചത് താമസിച്ചായിരുന്നു. സിറിയൻ പ്രദേശമായ ഗോലാൻ കുന്നുകൾ ജൂൺ 10ന് കീഴടക്കിയ ശേഷമാണ് ഇസ്രായേൽ അടങ്ങിയത്. പിറ്റേ ദിവസം യു.എന്നിന്റെ വെടിനിർത്തൽ അംഗീകരിച്ചു കഴിയുമ്പോഴേക്കും ആകെ അവശേഷിച്ചിരുന്ന ഫലസ്തീൻ പ്രദേശങ്ങളായ ഗസ്സയും വെസ്റ്റ്ബാങ്കും ഈജിപ്തിന്റെ സീനാ മേഖലയും ജോർഡന്റെ കീഴിലായിരുന്ന ജറൂസലമും സിറിയയുടെ ഗോലാൻ കുന്നുകളും ഇസ്രായേൽ കീഴടക്കിക്കഴിഞ്ഞിരുന്നു.



ആറുദിന യുദ്ധത്തെ തുടർന്ന് പലായനം ചെയ്യുന്ന ജനങ്ങൾ (ഫയൽചിത്രം)

പരാജയത്തിന്റെ ഉത്തരവാദിത്തമേറ്റെടുത്ത് താൻ രാജിവെക്കുന്നതായി നാസിർ ജൂൺ ഒമ്പതിന് പ്രഖ്യാപിച്ചു. ജനകീയ സമ്മർദത്തെത്തുടർന്ന് രാജി പിൻവലിച്ചു. ആഘാതം താങ്ങാനാകാതെ ഹൃദയം പൊട്ടി മരിക്കുകയായിരുന്നു പിന്നീട് അദ്ദേഹം. ദൂരവ്യാപകമായ ഫലങ്ങളായിരുന്നു ഈ യുദ്ധം അറബികളിൽ സൃഷ്ടിച്ചത്. ദശലക്ഷക്കണക്കിന് അറബികളുടെ ജീവിതമാണ് ഇസ്രായേലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായത്. ഗോലാൻ കുന്നുകളിൽനിന്ന് പതിനായിരക്കണക്കിന് സിറിയക്കാരെയാണ് ഇസ്രായേൽ സൈന്യം തുരത്തിയോടിച്ചത്. സൈനികപരാജയത്തിനപ്പുറം യുദ്ധം അറബ് സേനകളിലും സാധാരണക്കാരിലും ഏൽപിച്ച മാനസികാഘാതമായിരുന്നു ഏറ്റവും തീവ്രം. സുഡാനിലെ ഖാർത്തൂമിൽ ചേർന്ന അറബ് ഉച്ചകോടി ഇസ്രായേലുമായി സമാധാനമോ അനുരഞ്ജന ചർച്ചയോ ആ രാജ്യത്തെ അംഗീകരിക്കുകയോ ഇല്ലെന്ന് പ്രഖ്യാപിച്ചു. ഇസ്രായേലിനെ പിന്തുണക്കുന്ന രാജ്യങ്ങൾക്ക് എണ്ണ നൽകില്ലെന്ന അറബ് രാഷ്ട്രങ്ങളുടെ പ്രഖ്യാപനവുമുണ്ടായി. യുദ്ധത്തിൽ ഈജിപ്തിന്റെ ദയനീയ പരാജയത്തിന് പ്രധാന കാരണക്കാരനെന്ന് മുദ്രകുത്തപ്പെട്ട ഈജിപ്ത് സർവസൈന്യാധിപൻ അബ്ദുൽ ഹകീം ആമിർ സെപ്റ്റംബർ 13ന് ആത്മഹത്യ ചെയ്തു. നാസിറിന്റെ കിങ്കരന്മാർ അയാളെ കൊലപ്പെടുത്തിയതാണെന്നും പറയുന്നു. ഒക്ടോബറിൽ ജോർഡനിലെ സർക്കാർ രാജിവെച്ചു.

ഫലസ്തീൻ പ്രദേശങ്ങളാകട്ടെ അറബ് രാഷ്ട്രങ്ങൾക്ക് ഇനി തങ്ങളെ സഹായിക്കാനാകില്ലെന്ന നിരാശയിലായിരുന്നു. അതോടെ ഫതഹ്, പോപുലർ ഫ്രണ്ട് ഫോർ ദ ലിബറേഷൻ ഓഫ് ഫലസ്തീൻ തുടങ്ങിയ സായുധസേനകൾ രൂപവത്കരിക്കപ്പെട്ടു. റുമേനിയ ഒഴികെ കിഴക്കൻ യൂറോപ്പിലെ സോവിയറ്റ് അനുകൂല രാജ്യങ്ങളൊന്നാകെ ഇസ്രായേലുമായുള്ള നയതന്ത്രബന്ധങ്ങൾ വിച്ഛേദിച്ചു. ഫലസ്തീൻ പ്രദേശങ്ങളിൽനിന്നും പുറത്താക്കപ്പെട്ടതോടെ പി.എൽ.ഒ അടക്കമുള്ള ചെറുത്തുനിൽപ് സംഘങ്ങൾ പിന്നീട് ജോർഡൻ കേന്ദ്രീകരിച്ചാണ് പ്രവർത്തിച്ചത്.

1978ൽ ക്യാമ്പ് ഡേവിഡ് കരാറിലൂടെ ഈജിപ്ത്, ഇസ്രായേലുമായി സമാധാനക്കരാർ ഒപ്പിട്ടത് മറ്റ് അറബ് രാഷ്ട്രങ്ങളെ ഞെട്ടിച്ചുകളഞ്ഞു. തങ്ങളുടെ ഏറ്റവുംവലിയ ശത്രുവിനെ വരുതിയിലാക്കാൻ കഴിഞ്ഞ ഇസ്രായേൽ 1967ൽ പിടിച്ചെടുത്ത സീനാ പ്രദേശം ഈജിപ്തിന് വിട്ടുകൊടുത്തു. 1993ൽ പി.എൽ.ഒ ഇസ്രായേലിനെ അംഗീകരിച്ചുകൊണ്ട് ഓസ്ലോ കരാർ ഒപ്പുവെച്ചു. ശേഷമാണ് ഫലസ്തീൻ പ്രദേശങ്ങളായ വെസ്റ്റ് ബാങ്കിലും ഗസ്സയിലും അറബികൾക്ക് പരിമിതമായ സ്വയംഭരണം നൽകാൻ ഇസ്രായേൽ തയാറായത്. 1994ൽ ജോർഡനും ഇസ്രായേലുമായി സമാധാനക്കരാർ ഒപ്പിട്ടു. ഗോലാൻ കുന്നുകൾ അരനൂറ്റാണ്ടിനിപ്പുറവും സിറിയക്ക് തിരിച്ചുനൽകാൻ ഇസ്രായേൽ തയാറല്ല. ആറുദിന യുദ്ധത്തിനുമുമ്പുള്ള അതിർത്തിയിലേക്ക് മടങ്ങിപ്പോകണമെന്നും ഫലസ്തീൻ അഭയാർഥികൾക്ക് തങ്ങളുടെ മണ്ണിലേക്ക് തിരിച്ചുപോകാനുള്ള അനുവാദം നൽകണമെന്നുമുള്ള അന്താരാഷ്ട്ര ആവശ്യങ്ങൾ അംഗീകരിക്കാൻ ഇസ്രായേൽ തയാറേ അല്ല എന്നതാണ് വാസ്തവം. ●